(സി) തുറമുഖ ഓപ്പറേറ്ററെ കണ്ടെത്തുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. അന്തിമഘട്ടത്തിലാണ്.

(ഡി) തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ടെൻഡർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ആലപ്പുഴ തുറമുഖത്തിന്റെ പുനരുദ്ധാരണം

149 (163) ശ്രീ. എ. എം. ആരിഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൗരാണികമായ ആലപ്പുഴ തുറമുഖത്തിന്റെ പുനരുദ്ധാരണത്തിനായി സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) തുറമുഖത്തിന്റെ ഭാഗമായ കടൽപ്പാലവും അനുബന്ധ സ്ഥാപനങ്ങളും തകർന്നടിഞ്ഞുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) 200 വർഷത്തിലധികം പഴക്കമുള്ള കടൽപ്പാലവും മറ്റും സംരക്ഷിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ തുറമുഖം ഒരു കാർഗോ ഹാർബർ-കം-മറീനയായി വികസിപ്പിക്കുന്നതിനായി സർക്കാർ ഡിലോയിറ്റ് എന്ന സ്ഥാപനത്തെ 13-10-2009-ൽ കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. മൊത്തം കൺസൾട്ടൻസി തുക 1,35,00,000 രൂപയാണ് (മറീന-67,50,000 കാർഗോ ഹാർബർ-67,50,000) ആലപ്പുഴ തുറമുഖം ഒരു കാർഗോ ഹാർബറായി വികസിപ്പിക്കുന്നതിനുള്ള ഡ്രാഫ്റ്റ് ഫീസിബിലിറ്റി റിപ്പോർട്ട് കൺസൾട്ടന്റ് സമർപ്പിച്ചിട്ടുണ്ട്. ഫീസിബിലിറ്റി പഠനം പൂർത്തീകരിച്ചശേഷം ആഗോള ടെൻഡർ നടപടികൾ തുടങ്ങുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (1989 മുതൽ പ്രവർത്തനം നിലച്ചു.)

(സി) കടൽപ്പാലത്തിന്റെ സംരക്ഷണം കൺസൾട്ടന്റിന്റെ പഠന റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരളോത്സവം

150 (164) ശ്രീ. പള്ളിപ്രം ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന കേരളോത്സവം ആകർഷകമാകുന്നില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പരിപാടി ആകർഷകമാക്കി ജനപങ്കാളിത്തം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) കേരളോത്സവത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി എല്ലാ തലങ്ങളിലും വിപുലമായ സംഘാടക സമിതികൾ രൂപീകരിച്ചാണ് കേരളോത്സവം നടത്തുന്നത്. കലാമത്സരങ്ങളിൽ വഞ്ചിപ്പാട്ടും, കായിക

LIBRARY ARCHIVES Kerala Legislative Assembly